# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 141

16-03-2015ൽ മറുപടിയ്ക്ക്

## തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
" ഐ.സി.ബാലകൃഷ്ണൻ
" വി.ഡി.സതീശൻ
" ജോസഫ് വാഴയ്ക്കൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br>ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 11500 രൂപ സബ്സിഡി നിരക്കിൽ നെൽകൃഷി ചെയ്യുന്നതിനുള്ള 178.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് 2014-15 ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിലും, പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം പച്ചക്കറി കൃഷിയ്ക്ക് അനുയോജ്യമായ 500 ഹെക്ടർ തരിശു നിലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് ഭൂ ഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും സഹായമായി നൽകുന്നു. 500 ഹെക്ടർ തരിശു നിലം കൃഷി ചെയ്യുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 441.582 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്തു കഴിഞ്ഞു. ബാക്കി തരിശു ഭൂമിയിൽ കൃഷിയിറക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായിക്കിടന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റിയതുവഴി കൂടുതൽ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അത്തരത്തിൽ നെല്ല്, പച്ചക്കറി |

എന്നിവയുടെ ആകെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക വഴി സംസ്ഥാനത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്താക്കി മാറ്റുകയുംചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം. തരിശു നിലത്തിൽ പച്ചക്കറി കൃഷി എന്ന പദ്ധതി നടപ്പിലാക്കുന്നത് വഴി സംസ്ഥാനത്ത് 500 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യാനും അധികമായി 6000 ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും കഴിയുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ്; വിശദമാക്കുമോ;

(സി) കുടുംബശ്രീ, ജനശ്രീ, സ്വാശ്രയ സംഘങ്ങൾ, തരിശു ഭൂമിയുടെ ഉടമകൾ, ഭൂരഹിത കർഷകർ, കർഷകഗ്രൂപ്പുകൾ, യൂത്ത് ക്ലബുകൾ എന്നിവർ കൂടാതെ കൃഷി ചെയ്യാൻ താൽപര്യമുള്ള എല്ലാവർക്കും ഈ പദ്ധതിയിൽ പങ്കാളികൾ ആകാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ കൃഷി ഭവൻ ആണ് പദ്ധതിയുടെ മേൽ നോട്ടം വഹിക്കുന്നത്. കർഷകർക്ക് ആവശ്യമായ വിത്ത്, തൈകൾ എന്നിവ കൃഷി വകുപ്പിന്റെ ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, വി.എഫ്,പി.സി.കെ എന്നിവിടങ്ങളിൽ നിന്ന് വാങ്ങാവുന്നതാണ്.

(ഡി) പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) 1. **തരിശു നിലത്തിൽ നെൽ കൃഷി**

2011-2012 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു. ആയതിനായി 246.37 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.
2012-2013 വർഷം ആകെ 1373.4 ഹെക്ടർ തരിശു ഭൂമി 321.27 ലക്ഷം രൂപ ചെലവഴിച്ച് കൃഷിയോഗ്യമാക്കുകയുണ്ടായി.
2013-2014 വർഷം 1903.95 ഹെക്ടർ തരിശുനിലങ്ങളിൽ 566.33 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുണ്ടായി.

II **തരിശു നിലത്തിൽ പച്ചക്കറി കൃഷി**

2014-15 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഇതുവരെ 14 ജില്ലകളിലായി 441.582

ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. 2013-14 വർഷത്തിൽ തരിശുനിലത്തിൽ കൃഷി ചെയ്യുന്ന പദ്ധതി അനുസരിച്ച് താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**1. പച്ചക്കറി വികസന പദ്ധതി -തരിശു നിലം കൃഷി**

2013-14 -ലെ പച്ചക്കറി വികസന പദ്ധതി പ്രകാരം 1186.5691 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഒരു ഹെക്ടർ തരിശുനിലം കൃഷി ചെയ്യുന്നതിന് 30000 രൂപയാണ് ധനസഹായമായി നൽകിയത്. ഒരു ഹെക്ടറിന് ഭൂ ഉടമസ്ഥ് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും ധനസഹായമായി നൽകി. ആകെ 351.162 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം ധനസഹായമായി നൽകി.

**2. തരിശു രഹിത പഞ്ചായത്ത്**

2013-14- ലെ തരിശുരഹിത പഞ്ചായത്ത് പദ്ധതി പ്രകാരം വാഴ, കിഴങ്ങുവർഗ്ഗവിളകൾ എന്നിവ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. തരിശു നിലത്തിൽ വാഴ കൃഷി ചെയ്തതിന് ഹെക്ടറിന് 40000 രൂപ നിരക്കിൽ 664.75 ഹെക്ടർ വാഴകൃഷി ചെയ്തതിന് 261.65 ലക്ഷം രൂപ സഹായ ധനം നൽകി. കിഴങ്ങുവർഗ്ഗവിളകളുടെ കൃഷിക്ക് ഹെക്ടറിന് 30000 രൂപ നിരക്കിൽ 266.26 ഹെക്ടറിൽ കിഴങ്ങു വിള കൃഷി ചെയ്തതിന് 77.69 ലക്ഷം രൂപ സഹായധനം നൽകി.

സെക്ഷൻ ഓഫീസർ